LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർവൽക്കരണം

73 [3056] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് എത്ര സ്വകാര്യ ഹൈസ്കൂളുകളിലും എത്ര യു. പി. സ്കൂളുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

12 സ്വകാര്യ ഹൈസ്കൂളുകളും 5 യു. പി. സ്കൂളുകളിലുമാണ് എം.എൽ.എ. ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടർ സ്ഥാപിച്ചത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

സ്പെഷ്യൽ ടീച്ചേഴ്സിന്റെ വേതനം

74 [3057] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി സ്കൂളുകളിൽ തുന്നൽ അദ്ധ്യാപകർ വർഷങ്ങളോളം വേതനം ലഭിക്കാതെ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഡ്രായിംഗ്, പി. ഇ. ടി. വിഭാഗങ്ങളിലെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നിയമനം നേടുകയും അംഗീകാരം കിട്ടുകയും ചെയ്ത എയ്ഡഡ് സ്കൂളുകളിലെ എല്ലാ തുന്നൽ ടീച്ചർമാർക്കും ശമ്പളം ലഭിക്കുന്നുണ്ട്. തസ്തിക ഇല്ലാതെ, മാനേജർമാർ നിയമവിരുദ്ധമായി നിയമിച്ച തുന്നൽ ടീച്ചർമാർക്ക് ശമ്പളം കിട്ടുന്നില്ല എന്ന പരാതി ലഭിക്കുന്നുണ്ട്.

(ബി) കേരള അൺഅപ്രൂവ്ഡ് സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് യൂണിയൻ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പി. ഇ. ടി. വിഭാഗത്തിൽപ്പെട്ട 46 അദ്ധ്യാപകർക്ക് 4-10-2004-ലെ ജി. ഒ. (എംഎസ്.) 307/2004/പൊ.വി.വ.നം. ഉത്തരവുപ്രകാരം മുൻകാലപ്രാബല്യമില്ലാതെ, പ്രത്യേക പരിഗണന നൽകി അംഗീകാരം കൊടുത്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.